## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1062 30/09/2016 ൽ മറുപടിക്ക്

### തെരുവ് നായ്ക്കളുടെ നിയന്ത്രണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. സി. മമ്മൂട്ടി | | ശ്രീ. കെ.ടി. ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| എ) | തെരുവുനായ്ക്കളെ വന്ധ്യംകരിക്കുകയല്ലാതെ കൊല്ലരുതെന്ന കേന്ദ്ര മന്ത്രിയുടെ നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ.; എങ്കിൽ പ്രസ്തുത നിർദ്ദേശത്തെ സംബന്ധിച്ച സർക്കാർ നിലപാട് അറിയിക്കുമോ ; | എ) ഉണ്ട്. വന്ധ്യംകരണം/സ്റ്റെർലൈസേഷൻ മാർഗ്ഗങ്ങൾ ഉപയോഗിച്ച് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ മൃഗസംരക്ഷണ വകുപ്പുമായി ചേർന്ന് Animal Birth Control പ്രോഗ്രാം നടപ്പിലാക്കി തെരുവ്നായ്ക്കളെ വന്ധ്യംകരണത്തിന് വിധേയമാക്കി അവയുടെ പ്രജനനം നിയന്ത്രിക്കുവാൻ മതിയായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. |
| ബി) | നായ പ്രേമികളുടെയും കേന്ദ്രമന്ത്രിയുടെയും നിലപാട് മനുഷ്യ ജീവന് ഗുരുതര ഭീഷണി ഉയർത്തുന്ന സാഹചര്യം കണക്കിലെടുത്ത് തെരുവ് നായ്ക്കളുടെ നിയന്ത്രണം സംബന്ധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുമോ? | ബി) തെരുവുനായ്ക്കളുടെ നിയന്ത്രണം സംബന്ധിച്ച് കർശന നടപടികൾ സ്വീകരിക്കുന്നതിന് 22/08/2016 ലെ 45151/RC3/2014/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്മേൽ സ്വീകരിച്ച നടപടികൾ സമയബന്ധിതമായി അവലോകനം ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ